പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 4925 — 21.10.2011 ൽ മറുപടിക്ക്

## ചിത്രാഞ്ജലി സ്റ്റുഡിയോയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി :<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ :<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് :<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഈ വർഷത്തെ വികസന പരിപാടികളുടെ വിശദവിവരം നല്കാമോ ; | (എ) ചിത്രാഞ്ജലി സ്റ്റുഡിയോയിലെ നിലവിലുള്ള സാങ്കേതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആധുനികവൽക്കരണത്തിനും വേണ്ടി ഡിജിറ്റൽ ഇന്റർമീഡിയറ്റ് വർക്ക് സ്റ്റേഷൻ ഉൾപ്പെടെയുള്ള ഡിജിറ്റൽ സിനിമാ യൂണിറ്റ്, ടെലിവിഷൻ സിനിമാ സ്റ്റുഡിയോ, ഫിലിം സിറ്റി, ആലപ്പുഴയിലുള്ള കോർപ്പറേഷന്റെ സ്ഥലത്ത് സിനിമ തിയേറ്റർ സമുച്ചയ നിർമ്മാണം മുതലായവയാണ് ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഈ വർഷത്തെ പ്രധാന വികസന പരിപാടികൾ. |
| (ബി) പ്രസ്തുത കോർപ്പറേഷന്റെ കീഴിലുള്ള സ്ഥാപനങ്ങളേതെല്ലാമെന്ന് മേഖല തിരിച്ച് വിശദമാക്കുമോ ; | (ബി) ചലച്ചിത്ര വികസന കോർപ്പറേഷന്റെ കീഴിൽ 10 സിനിമാ തിയേറ്ററുകളും മൂന്ന് സ്റ്റുഡിയോകളും പ്രവർത്തിക്കുന്നു.<br>കൈരളി/ശ്രീ, തിയേറ്റർ - തിരുവനന്തപുരം.<br>കൈരളി/ശ്രീ, തിയേറ്റർ - തൃശ്ശൂർ.<br>കൈരളി/ശ്രീ, തിയേറ്റർ - കോഴിക്കോട്.<br>ചിത്രാഞ്ജലി തിയേറ്റർ, ചിറ്റൂർ.<br>ചിത്രാഞ്ജലി തിയേറ്റർ, വടക്കൻ പറവൂർ<br>ചിത്രാഞ്ജലി തിയേറ്റർ, ചേർത്തല<br>കലാഭവൻ തിയേറ്റർ, വഴുതയ്ക്കാട്, തിരുവനന്തപുരം.<br>ചിത്രാഞ്ജലി സ്റ്റുഡിയോ, തിരുവല്ലം.<br>കലാഭവൻ ഡിജിറ്റൽ സ്റ്റുഡിയോ, തിരുവനന്തപുരം.<br>ചിത്രാഞ്ജലി സ്റ്റുഡിയോ, കാക്കനാട്, കൊച്ചി. |

(സി) പ്രസ്തുത കോർപ്പറേഷന്റെ ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ളക്സിൽ വാടകയ്ക്ക് നല്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ ;
കഴിഞ്ഞ വർഷവും ഈ വർഷവും ഷൂട്ടിംഗ് മുതൽ റിലീസിംഗ് ഘട്ടം വരെ അവിടെ പൂർത്തിയാക്കിയ ചലച്ചിത്രങ്ങളുടെ വിശദവിവരം നല്കാമോ ;

(സി) ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ളക്സ് വാടകയ്ക്ക് നൽകാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ താഴെ കൊടുക്കുന്നു.

1) ഔട്ട് ഡോർ യൂണിറ്റുകൾ, ജനറേറ്റർ, ലൈറ്റ്സ് മുതലായവ 3 എണ്ണം.

2) സൗണ്ട് റിക്കോർഡിംഗ് - ഡബ്ബിംഗ്, എഫക്ടസ്, റിക്കോർഡിംഗ്, മോണോ മിക്സിംഗ്, മോണോ സൗണ്ട് ട്രാൻസ്ഫർ, ഡിറ്റിഎസ്. മിക്സിംഗ് ആവിഡ് എഡിറ്റിംഗ്, എഫ്.സി.പി. (ഫൈനൽ കട്ട് പ്രോ) (എറണാകുളം യൂണിറ്റ്).

3) ലാബ് സൗകര്യങ്ങൾ -

35mm/16mm നെഗറ്റീവ് പ്രോസസിംഗ് **sound negative processing 35 mm film printing (mono.DTS) and processing Grading.**

4) എഡിറ്റിംഗ് - പഞ്ചിംഗ്, നെഗറ്റീവ് കട്ടിംഗ് ട്രാക്ക് പോസ്റ്റിംഗ്.

5) ഷൂട്ടിംഗ് ഫ്ളോർ വലുത് ചെറുത് (A/C ചെയ്യാനുദ്ദേശിക്കുന്നു)
മിനി ഷൂട്ടിംഗ് ഫ്ളോർ (ഇൻസ്റ്റിറ്റ്യൂട്ട് ബിൽഡിംഗ്.)

6) സെറ്റുകൾ - അമ്പലങ്ങൾ, വില്ലേജ് ഹൗസ്, പോലീസ് സ്റ്റേഷൻ, ലോക്കപ്പ്, കോടതി, ആശുപത്രി, മറ്റു കെട്ടിടങ്ങൾ, ലാൻഡ് സ്കേപ്പ് ഷൂട്ടിംഗ് - ലൊക്കേഷനുകൾ

ചിത്രാഞ്ജലി സ്റ്റുഡിയോയിലെ വിവിധതരം പാക്കേജ് സ്കീമുകൾ ഉപയോഗിച്ച് 2010-ൽ 23 ചിത്രങ്ങളും 2011-ൽ നാളിതുവരെ 29 ചിത്രങ്ങളും പൂർത്തിയാക്കിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഡി) പ്രസ്തുത സ്റ്റുഡിയോയിൽ നിലവിലുള്ള സാങ്കേതിക വിദഗ്ദ്ധരുടെ പേരുവിവരവും, അവരുടെ വിദ്യാഭ്യാസ സാങ്കേതിക യോഗ്യത, ആധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ ലഭിച്ച പരിശീലനം എന്നിവ സംബന്ധിച്ച വിശദവിവരവും ലഭ്യമാക്കുമോ ?

(ഡി) ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിലവിലുള്ള സാങ്കേതിക വിദഗ്ദ്ധരുടെ പേരു വിവരവും വിദ്യാഭ്യാസയോഗ്യതകൾ താഴെ കൊടുക്കുന്നു.

I) ശ്രീ. എൻ. ഹരികുമാർ : ചീഫ് സൗണ്ട് എൻജിനീയർ (സംസ്ഥാന, ദേശീയ അവാർഡ് ജേതാവ്)

i) ഡിപ്ളോമ ഇൻ ഫിലിം ടെക്നോളജി (സൗണ്ട് റിക്കാർഡിംഗ് & സൗണ്ട് എഞ്ചിനിയറിംഗ്) സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ ആന്റ് ട്രെയിനിംഗ് - തമിഴ്നാട്.

ii) ഡിപ്ളോമ ഇൻ റേഡിയോ & ടെലിവിഷൻ (വി. രാജഗോപൻസ് ഇൻസ്റ്റിറ്റ്യൂട്ട്, ചെന്നൈ).

II) ശ്രീ. പി. സുധീർ
ചീഫ് ലാബ് ടെക്നീഷ്യൻ
ഡിപ്ളോമ ഇൻ ഫിലിം ടെക്നോളജി

(ഫിലിം പ്രോസസിംഗ്) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിലിം ടെക്നോളജി, അഡയാർ, ചെന്നൈ, ഹാസലൈറ്റിൻ അനലൈസർ പ്രവർത്തിപ്പിക്കാനുള്ള പരിശീലനം.

III) ശ്രീ. റ്റി. ആർ. ലാലൻ
മെയിന്റനൻസ് എഞ്ചിനീയർ
(ഇലക്ട്രോണിക്സ്)
ബി.ടെക്. (ഇലക്ട്രോണിക്സ്)

IV) ശ്രീ. എസ്. ബാലകൃഷ്ണൻ
ലാബ് ടെക്നീഷ്യൻ
ഡിപ്ലോമ ഇൻ ഫിലിം ടെക്നോളജി

V) ശ്രീ. കെ. രമേഷ്കുമാർ
ക്യാമറാമാൻ
പി.ജി.ഡിപ്ലോമ ഇൻ പബ്ളിക് റിലേഷൻസ് & അഡ്വർടൈസിംഗ്, സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻ & മാനേജ്മെന്റ് സ്റ്റഡീസ്, കൊച്ചി.

VI) ശ്രീമതി. റ്റി. പ്രീതി, കെമിസ്റ്റ്,
**B.Sc. Chemistry**

VII) ശ്രീ. രാജേഷ്കുമാർ
അസി. കെമിസ്റ്റ്
**B.Sc. Chemistry**

(ഇ) പ്രസ്തുത വിദഗ്ദ്ധരുടെ പ്രമോഷന് യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ അത്തരം യോഗ്യത നേടാത്തവർക്ക് പ്രമോഷൻ നല്കിയിട്ടുണ്ടോ ; വിശദവിവരം നല്കുമോ ;

(ഇ) ഉണ്ട്. റിക്രൂട്ട്മെന്റ് റൂൾസ് അനുശാസിക്കുന്ന യോഗ്യത ഉള്ളവർക്ക് മാത്രമാണ് പ്രമോഷൻ നൽകിയിട്ടുള്ളത്.

(എഫ്) വിദേശനിർമ്മിതമായ ഹാസലൈറ്റിൻ കളർ അനലൈസർ പ്രവർത്തിപ്പിക്കാൻ യോഗ്യത നേടിയ സാങ്കേതിക വിദഗ്ദ്ധരെ നിയമിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നിയമനച്ചട്ട പ്രകാരം യോഗ്യരായവരെ നിയമിക്കുമോ ?

(എഫ്) നിയമിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്